

# വാഴകൃഷിയുടെ വൈവിധ്യവുമായി ഒരു 'ബനാന വില്ലേജ്'

## വാഴ ഗവേഷണ വികസന രംഗത്ത് എറണാകുളം അതിരൂപതയിലെ വെൽഫയർ സർവീസസിന്റെ നവീന സംരംഭം

**എറണാകുളം-അങ്കമാലി** അതിരൂപതയുടെ സാമൂഹ്യപ്രവർത്തന വിഭാഗമായ വെൽഫെയർ സർവീസസ് എറണാകുളം, കാർഷികമേഖലയിൽ പുതിയൊരു കാൽവയ്പ് നടത്തുകയാണ്. ഗ്രാമപ്രദേശങ്ങളിലെ ജനങ്ങളുടെ ഇടയിൽ ആദായകരമായും ഗുണമേന്മ ഉറപ്പാക്കിയും വാഴകൃഷി പ്രോത്സാഹിപ്പിക്കുന്ന വെൽഫെയർ സർവീസസിന്റെ 'ബനാന വില്ലേജ്' എന്ന പദ്ധതി ഒക്ടോബർ 31-ന് ഉദ്ഘാടനം ചെയ്യപ്പെടുമ്പോൾ കാർഷികമേഖലയ്ക്കു പുത്തനുണർവ്വു നൽകി കൃഷി ആദായകരമാക്കി പുതിയ തലമുറയെ കാർഷികമേഖലയിലേക്ക് ആകർഷിക്കാനുള്ള ശ്രമവുമായി അതു മാറുന്നു.

വൈവിധ്യമാർന്ന വാഴയിനങ്ങളെപ്പറ്റിയുള്ള ഗവേഷണവും സംരക്ഷണവും ഗുണമേന്മയുള്ള വിത്തുകളുടെ ഉത്പാദനവും വിതരണവും ഊർജ്ജിത വാഴകൃഷി വ്യാപനവും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ സംസ്കരണവും വിപണനവുമൊക്കെ ബനാന വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുന്നുണ്ടെന്ന് സോഷ്യൽ സർവീസസ് എറണാകുളം എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. പോൾ മൂഞ്ഞേലി പറഞ്ഞു. കേരളത്തിൽ ഇരുന്നൂറ്റമ്പതോളം തരത്തിൽ വാഴകളുണ്ട്. നമ്മുടെ കാലാവസ്ഥയ്ക്ക് അനുയോജ്യമാക്കി ഈ വാഴകൾ കൃഷി ചെയ്യാവുന്നതാണെന്ന് അച്ചൻ പറയുന്നു. എന്നാൽ ഇന്ന് അഞ്ചോ ആറോ തരം വാഴകൾ മാത്രമേ ഇവിടെ വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നുള്ളൂ. വാഴകളുടെ വ്യാവസായിക വിപണന സാദ്ധ്യതകളും ഇതരമൂല്യങ്ങളും വിലയിരുത്തിയാൽ അനേകതരം വാഴകൾ കൃഷി ചെയ്യാനുള്ള സാദ്ധ്യത നമുക്കുണ്ടെന്ന് ഫാ. മൂഞ്ഞേലി വ്യക്തമാക്കുന്നു. ഈ പശ്ചാത്തലത്തിലാണ് ഇതിന്റെ വിവിധ വശങ്ങൾ പഠിച്ചും ഗവേഷണങ്ങൾ നടത്തിയും വാഴകൃഷിയുടെ മേഖലയിലേക്ക് വെൽഫയർ സർവീസസ് പദമൂന്നുന്നത്.

ലോകത്താകമാനം ഉത്പാദിപ്പിക്കപ്പെടുന്ന വാഴയുടെ 20 ശതമാനവും ഇന്ത്യയിലാണെങ്കിലും ആഗോളതലത്തിൽ നോക്കിയാൽ കയറ്റുമതിയുടെ ഒരു ശതമാനം മാത്രമാണ് ഇന്ത്യയിൽ നിന്നുള്ളത്. ആസിയാൻ കരാർപോലുള്ള പുതിയ സാഹചര്യങ്ങൾ സംജാതമാകുമ്പോൾ ഗുണമേന്മയിലും ഉത്പാദനക്ഷമതയിലും കൂടുതൽ ശ്രദ്ധ വേണ്ടിവരും. പലവിധ കാരണങ്ങളാൽ ഇന്നു കേരളത്തിൽ പല കൃഷികളും ലാഭകരമല്ലാതെ പോകുന്ന പശ്ചാത്തലത്തിൽ വിവിധയിനം വാഴകളുടെ കൃഷി ലാഭകരമാക്കി മാറ്റാൻ കർഷകർക്കു പ്രചോദനവും പ്രോത്സാഹനവും അതിനു വേണ്ട സഹായസഹകരണങ്ങളും സംലഭ്യമാക്കുകയാണ് വെൽഫെയർ സർവീസസ് എറണാകുളം.



ഫാ. പോൾ മൂഞ്ഞേലി

ഇന്ന് നിരവധി കർഷകർ വാഴകൃഷിയിൽ ഏർപ്പെട്ടിട്ടുണ്ട്. അവരുടെ ഉൽപാദനവും വിതരണവും ക്രമബദ്ധമാക്കി, വർധിതവരുമാനത്തിലൂടെ ഭക്ഷ്യസമൃദ്ധിയും സാമ്പത്തികസുരക്ഷിതത്വവും ഉറപ്പാക്കാനുള്ള സംഘാതമായ പരിശ്രമമാണ് ബനാന വില്ലേജെന്ന് ഫാ. മൂഞ്ഞേലി വിശദീകരിക്കുന്നു. ഹരിതവിപ്ലവത്തിലൂടെയും ധവളവിപ്ലവത്തിലൂടെയും കർഷകർക്ക് ആവേശവും ആത്മവിശ്വാസവും പകർന്ന് മഹത്തായ ഒരു കാർഷിക സംസ്കാരത്തിനു തേരുതെളിച്ച മഹാധനനായ കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ പിതാവു നല്കിയ മാതൃക അനുവർത്തിച്ചാണ് ഈ പുതിയ പദ്ധതിയും വെൽഫയർ സർവീസസ് ആരംഭിക്കുന്നത്. കർദ്ദിനാൾ പാറേക്കാട്ടിലിന്റെ പ്രത്യേക താത്പര്യത്തിൽ രൂപമെടുത്ത പി.ഡി.ഡി.പി. പാൽ ഉത്പാദനം ഇന്ന് കേരളത്തിൽ ഏറെ ഖ്യാതി നേടിക്കഴിഞ്ഞിരിക്കുന്നു. എറണാകുളം അതിരൂപതയുടെ സാമൂഹ്യസേവനകേന്ദ്രം തുടർന്നു നടത്തിയ വികേന്ദ്രിത മുയൽ വളർത്തൽ മറ്റൊരു മാതൃക സൃഷ്ടിച്ചു. വാഴ ഗവേഷണ വികസനരംഗത്ത് പുതിയ പാത വെട്ടിത്തുറക്കാനുള്ള യത്നത്തിലാണിപ്പോൾ – ഫാ. മൂഞ്ഞേലി പറയുന്നു.

അതിരൂപത സാമൂഹ്യസേവന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്വയംസഹായസംഘങ്ങളിലൂടെ ഇന്നു നിരവധി സ്ത്രീകൾ വാഴകൃഷി നടത്തുന്നുണ്ട്. തരിശായിക്കിടക്കുന്ന സ്ഥലങ്ങൾ പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നവർ അതിലൂടെ നല്ല വരുമാനം ഉണ്ടാക്കുന്നുണ്ട്. അവർക്ക് ഈ രംഗത്ത് കൂടുതൽ പ്രോത്സാഹനങ്ങൾ നൽകാൻ ബനാന വില്ലേജിനു കഴിയും. വെൽഫെയർ സർവീസസ് രൂപീകരിച്ചിട്ടുള്ള കർഷക കൂട്ടായ്മകളിലൂടെ വാഴകൃഷിയുടെ വ്യാപനവും പലതരം വാഴകളുടെ സംരക്ഷണവും ഉത്പാദനവും വിപണനവും ലക്ഷ്യമിടുന്നുണ്ട്. ഒപ്പം നാടിന്റെ കാർഷികസമൃദ്ധി പരിപോഷിപ്പിക്കാനും പരിസ്ഥിതി സംരക്ഷണത്തിന് അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കാനും ബനാന വില്ലേജിലൂടെ സാധിക്കുമെന്ന് ഫാ. മൂഞ്ഞേലി വ്യക്തമാക്കുന്നു. വിളയിറക്കുന്ന കൃഷിഭൂമികൾ വിരളമാകുന്ന സ്ഥിതിവിശേഷത്തിൽ കൃഷി വ്യാപകമാക്കുക, കാർഷികസംസ്കാരം രൂപപ്പെടുത്തുക, പുതിയ തലമുറയെ ഇതിലേക്ക് ആകർഷിക്കുക തുടങ്ങിയ ലക്ഷ്യങ്ങളും ബനാന വില്ലേജിന്റെ രൂപീകരണത്തിനു പിന്നിലുണ്ട്.

മൂന്നു ഘട്ടങ്ങളിലായാണ് ബനാന വില്ലേജ് വികസിതമായി അതിന്റെ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതെന്ന് ഫാ. പോൾ വിശദീകരിക്കുന്നു. ആദ്യഘട്ടത്തിൽ വിവിധ മേഖലകളിൽ നിന്നു വ്യത്യസ്ത ഇനം വാഴകൾ ശേഖരിക്കുന്നു. ഇങ്ങനെ സംഭരിക്കുന്ന വാഴയിനങ്ങളുടെ പ്രദർശനത്തോട്ടങ്ങൾ സജ്ജമാക്കും. ഒപ്പം വാഴക്കന്ന് ഉത്പാദിപ്പിച്ച് വാഴകൃഷി ചെയ്യുന്നവർക്ക് വിതരണം ചെയ്യും. കൃഷിയുടെ പുതിയ സാങ്കേതിക വശങ്ങൾ വാഴകൃഷിയിൽ പ്രയോജനപ്പെടുത്തും ഇത്തരത്തിൽ ടിഷ്യു കൾച്ചർ – ലാബ് സംവിധാനങ്ങൾ ബനാന വില്ലേജിൽ ഉണ്ടാകും. വാഴകൃഷിയിൽ താത്പര്യമുള്ള സംഘങ്ങൾക്ക് അറിവു പകരുന്ന സാമൂഹ്യവിജ്ഞാനകേന്ദ്രമായും ബനാന വില്ലേജ് മാറും.

വാഴയുടെ പ്രധാന ഉത്പന്നമായി ഇന്നു കായയും ചിപ്സും നില്ക്കുമ്പോൾ അതിന്റെ മൂല്യവർദ്ധനവിന് സാധ്യമായ സാങ്കേതിക വിദ്യയിലൂടെ വിവിധ ഉത്പന്നങ്ങൾ, ഉദാഹരണമായി ബനാന ഹൽവ, ബനാന കേക്ക്, ബനാന യോഗർട്ട് തുടങ്ങിയവ വ്യാവസായികാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കാനുള്ള പദ്ധതി രണ്ടാം ഘട്ടത്തിൽ ആരംഭിക്കുമെന്ന് ഫാ. മൂഞ്ഞേലി പറയുന്നു. മൂന്നാംഘട്ടത്തിൽ, വാഴയുടെ ഉപയോഗശൂന്യമായി കളയുന്ന തണ്ടുകൾ സംസ്കരിച്ചെടുത്ത് ബനാന ഫൈബർ ഉത്പന്നങ്ങൾക്കു വിപണി കണ്ടെത്തുമെന്നും അച്ചൻ പറഞ്ഞു.

അങ്കമാലി മേഖലയിലെ കർഷകരെ സംഘടിപ്പിച്ചുകൊണ്ട് മൂക്കന്നൂർ പഞ്ചായത്തിലെ പറമ്പയത്തു സ്ഥാപിച്ചിട്ടുള്ള കേന്ദ്ര യൂണിറ്റിന്റെ നേതൃത്വത്തിലാണ് പദ്ധതി ഇപ്പോൾ ആരംഭിക്കുന്നത്. ഒക്ടോബർ 31-ന് ശനിയാഴ്ച എറണാകുളം അതിരൂപത സഹായമെത്രാനും വെൽഫെയർ സർവീസസ് എറണാകുളത്തിന്റെ പ്രസിഡന്റുമായ മാർ തോമസ് ചക്യത്ത് പിതാവിന്റെ സാന്നിധ്യത്തിലും സംസ്ഥാന ഗതാഗതമന്ത്രി ശ്രീ. ജോസ് തെറ്റയിലിന്റെ അധ്യക്ഷതയിലും ചേരുന്ന സമ്മേളനത്തിൽവച്ച് കേന്ദ്ര കൃഷി വകുപ്പു മന്ത്രി ശ്രീ. കെ.വി. തോമസ് ബനാന വില്ലേജിന്റെ ഉദ്ഘാടനം നിർവ്വഹിക്കും.

**–ഫ്രാങ്ക്ളിൻ എം.**

### 2009 ഒക്ടോബർ 31-ാം തീയതി തുടക്കമിടുന്ന 'ബനാന വില്ലേജ്' പദ്ധതിയെക്കുറിച്ചു ഫാ. പോൾ മൂഞ്ഞേലി:

**"ഇന്ന് നിരവധി കർഷകർ വാഴകൃഷിയിൽ ഏർപ്പെട്ടിട്ടുണ്ട്. അവരുടെ ഉൽപാദനവും വിതരണവും ക്രമബദ്ധമാക്കി, വർധിതവരുമാനത്തിലൂടെ ഭക്ഷ്യസമൃദ്ധിയും സാമ്പത്തീക സുരക്ഷിതത്വവും ഉറപ്പാക്കാനുള്ള സംഘാതമായ പരിശ്രമമാണ് ബനാന വില്ലേജ്."**



### 'ബനാന വില്ലേജി'ന്റെ ലക്ഷ്യങ്ങൾ

- **വൈവിധ്യമാർന്ന വാഴയിനങ്ങളെപ്പറ്റിയുള്ള ഗവേഷണവും സംരക്ഷണവും**
- **ഗുണമേന്മയുള്ള വിത്തുകളുടെ ഉത്പാദനവും വിതരണവും**
- **ഊർജ്ജിത വാഴകൃഷി വ്യാപനം**
- **മൂല്യവർധിത ഉൽപന്നങ്ങളുടെ സംസ്കരണവും വിപണനവും**
- **നാടിന്റെ കർഷകസമൃദ്ധി, കാർഷികസംസ്കാര രൂപീകരണം**
- **കർഷകകൂട്ടായ്മകൾ**
- **ടിഷ്യൂ കൾച്ചർ ലാബ്സംവിധാനങ്ങൾ**
- **ബനാന ഹൽവ, ബനാന കേക്ക്, ബനാന ഫൈബർ ഉത്പന്നങ്ങൾ തുടങ്ങിയവയ്ക്കു വേണ്ടിയുള്ള സാങ്കേതികവിദ്യ**



കാഴ്ചപ്പാടുകൾ

ജോർജ് നെല്ലിശ്ശേരി

# കേരളത്തിലെ സംഘടിത യാഥാസ്ഥിതികശക്തി

### കൊയ്ത്ത്, മെതിയന്ത്രങ്ങൾ ഉപയോഗിക്കുന്നതിന് അനുവാദം വാങ്ങാൻ പാർട്ടി ആപ്പീസിൽ കെട്ടിക്കിടക്കേണ്ട ഏതു നാടാണ് ഉലകത്തിലുള്ളത്, കേരളമല്ലാതെ?

**ഇന്ത്യയിലെ** മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ കേരളം പല രംഗത്തും മുമ്പിലെന്നാണു വയ്പ്. പുരോഗമനാശയങ്ങൾക്കു വേരോട്ടമുള്ള മണ്ണാണത്രേ ഇവിടത്തേത്. ഈ പുരോഗമനചിന്തയ്ക്കുള്ള ക്രെഡിറ്റ് ഇടതുപക്ഷ പാർട്ടികൾ, പ്രത്യേകിച്ച്, മാർക്സിസ്റ്റുപാർട്ടി അവകാശപ്പെടുന്നു.

വാസ്തവത്തിൽ പുരോഗമനസ്വഭാവമുള്ള സമൂഹമാണോ കേരളത്തിലേത്? ഏതു രംഗത്താണു കേരളീയസമൂഹം മികവു പുലർത്തുന്നത്? സാക്ഷരകേരളം ഏറെ ഉപയോഗിക്കപ്പെടുന്ന പദമാണ്. സാക്ഷരതയ്ക്കപ്പുറം വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയിൽ കേരളം മുന്നിലാണെന്നു വിവരമുള്ളവർ ആരെങ്കിലും പറയുമോ? ആരോഗ്യരംഗമോ? മാലിന്യങ്ങൾ വലിച്ചെറിഞ്ഞു ദുർഗന്ധം വമിക്കുന്ന റോഡുകളും എല്ലാത്തരം മാലിന്യങ്ങളും അടിഞ്ഞു കൂടുന്ന പുഴകളും പൊടിയും പുകയും നിറഞ്ഞ അന്തരീക്ഷവും ആരോഗ്യകരമായ ചുറ്റുപാടാണോ തീർക്കുന്നത്? ഡെങ്കിപ്പനി, എലിപ്പനി, ചിക്കൻഗുനിയ തുടങ്ങിയ ഏതെല്ലാം തരത്തിലുള്ള പകർച്ചവ്യാധികളാണ് ഇവിടെയുള്ളത്!

ഇവിടത്തെ കൃഷി ഇപ്പോഴും പ്രാകൃതാവസ്ഥയിലാണ്. നൂറ്റാണ്ടുകളായി നാം കുരുമുളകും ഏലയ്ക്കായും ജാതിക്കായും കയറ്റുമതി ചെയ്യുന്നു. അവ സംസ്കരിച്ച് ഉത്പന്നങ്ങളായി വിപണനം ചെയ്യാൻ ഇന്നും നമുക്ക് ഏറെ കഴിഞ്ഞിട്ടില്ല. വടക്കേ അമേരിക്കയിലെയും യൂറോപ്പിലെയും ഏതു സ്റ്റോറിലും തേങ്ങാപ്പാൽ, തേങ്ങാപ്പൊടി, തേങ്ങാപ്പീര തുടങ്ങി ഒട്ടേറെ കേരോത്പന്നങ്ങൾ ലഭ്യമാണ്. അവയൊക്കെയും വരുന്നതു തായ്‌ലന്റിൽ നിന്നാണ്. കേരത്തിന്റെ നാടായ കേരളത്തിൽനിന്ന് അങ്ങനെയൊന്നും അവിടെ കിട്ടുകയില്ല.

കൊയ്ത്ത്, മെതിയന്ത്രങ്ങൾ ഉപയോഗിക്കുന്നതിന് അനുവാദം വാങ്ങാൻ പാർട്ടി ആപ്പീസിൽ കെട്ടിക്കിടക്കേണ്ട ഏതു നാടാണ് ഉലകത്തിലുള്ളത്, കേരളമല്ലാതെ? കൃഷി ലാഭകരമാക്കി ആളുകളെക്കൊണ്ടു ചെയ്യിക്കുന്ന രീതിയാണു ലോകത്തിൽ എവിടെയുമുള്ളത്. ഇവിടെ പാടത്തു നെൽകൃഷി ചെയ്യണമെന്നു നിയമംമൂലം അനുശാസിക്കുന്നു. വേറെ എന്തെങ്കിലും കൃഷി ചെയ്താൽ എല്ലാം വെട്ടി നശിപ്പിക്കുന്നു.

ആസിയാൻ കരാറിനെതിരെ മാർക്സിസ്റ്റ് പാർട്ടി ഈയിടെ ചങ്ങല തീർത്തു. ഫിലിപ്പീൻസ്, തായ്‌ലന്റ്, ഇന്തോനേഷ്യ എന്നിങ്ങനെ ഒട്ടൊക്കെ ദരിദ്രമായ രാഷ്ട്രങ്ങളുടെ സമുച്ചയമാണ് ആസിയാൻ. അവിടെനിന്നു കുറഞ്ഞ ചുങ്കം നല്കി കാർഷികവിഭവങ്ങൾ വൻതോതിൽ ഇറക്കുമതി ചെയ്യുമെന്നും അതിവിടത്തെ കർഷകരുടെ നട്ടെല്ലൊടിക്കുമെന്നുമാണ് അവർ പറയുന്നത്. ആസിയാൻ രാജ്യങ്ങളിലെ പാവപ്പെട്ട കർഷകർ ചെലവുകുറച്ച് അവ ഉത്പാദിപ്പിക്കുന്നതെങ്ങനെയാണ്? അവിടെ എന്തുകൊണ്ട് ഉത്പാദനക്ഷമത കൂടിയിരിക്കുന്നു? ഇന്നാട്ടിലെ കർഷകർ അവിടത്തെ കർഷകരേക്കാളും മോശക്കാരാണോ?

ആസിയാൻ കരാർ ഉയർത്തുന്ന വെല്ലുവിളി സ്വീകരിച്ചുകൊണ്ട് ഇവിടത്തെ കാർഷികവിഭവങ്ങളുടെ ഉത്പാദനക്ഷമത ഉയർത്തുവാനും വലിയ തോതിൽ കാർഷികസംസ്കരണം നടത്തുവാനുമാണു നാം ശ്രമിക്കേണ്ടത്. അതാണു പ്രശ്നത്തിനുള്ള യഥാർത്ഥ പ്രതിവിധി. എന്നാൽ മാർക്സിസ്റ്റുപാർട്ടി അത്തരം യുക്തിസഹമായ നിലപാട് എടുക്കുകയില്ല. ഇവിടത്തെ സാധാരണ ജനങ്ങളുടെ പുരോഗമനേച്ഛയെ ചങ്ങലയ്ക്കിടുന്ന നയമാണു പാർട്ടിക്കുള്ളത്; എന്തിനെയും ഏതിനെയും ആദ്യം എതിർക്കുകയെന്ന നയം.

യന്ത്രങ്ങളെയും കമ്പ്യൂട്ടറിനെയും സ്വാശ്രയ വിദ്യാഭ്യാസസ്ഥാപനങ്ങളെയും ആദ്യം എതിർക്കും, തല്ലിപ്പൊളിക്കും; നിവൃത്തിയില്ലാതെ വരുമ്പോൾ സ്വീകരിക്കും. നല്ലൊരു റോഡുണ്ടായാൽ അതു നാടിനെ നെടുകെ പിളർക്കുമെന്നു വാദിക്കുന്നിടത്തോളം അതിപ്രബലമായ ഒരു യാഥാസ്ഥിതികശക്തിയായി മാറിയിരിക്കുന്നു മാർക്സിസ്റ്റ് പാർട്ടി. പാർട്ടിയുടെ ചങ്ങല പൊട്ടിച്ചു ചെറുപ്പക്കാർ വിദ്യാഭ്യാസത്തിനും തൊഴിലിനുമായി മറുനാടുകളിലേക്കു ചേക്കേറുന്നു. ഏതു പിന്തിരിപ്പൻ ആശയങ്ങളെയും ഇരുകയ്യും നീട്ടി സ്വീകരിക്കുന്ന വെറും ശരാശരിക്കാരുടെ നാടായി കേരളത്തെ മാറ്റുകയാണ് ഇവിടത്തെ ഇടതുപക്ഷം.